പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4057 — 21.10.2016-ലെ മറുപടിക്ക്

## ജൻറം ലോ ഫ്ളോർ എ.സി. ബസ്സുകൾ

**ചോദ്യം** — ശ്രീ. ഡി.കെ. മുരളി

**ഉത്തരം** — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജൻറം ലോ ഫ്ളോർ എ.സി. ബസ്സുകൾ എത്രയെണ്ണം ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കെ.യു.ആർ.ടി.സി.യുടെ കീഴിൽ 190 ജൻറം ലോ ഫ്ളോർ എ.സി. ബസ്സുകളാണുള്ളത്. |
| (ബി) | അതിൽ നിരത്തിൽ ഓടുന്നവ എത്ര; ഓടാത്തവ ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ; | (ബി) | 14/10/2016-ലെ കണക്കു പ്രകാരം 148 ബസുകൾ സർവ്വീസ് നടത്തുന്നുണ്ട് ക്രൂവിന്റെ അപര്യാപ്തതമൂലം 6 ബസുകളും വിവിധ അറ്റകുറ്റപ്പണികൾക്കായി 36 ബസ്സുകളും ഡോക്ക് ചെയ്യപ്പെട്ടതിനാൽ ആകെ 42 ബസുകൾ സർവ്വീസ് നടത്താൻ സാധിച്ചിട്ടില്ല. |
| (സി) | ടി ബസുകളുടെ മെയിന്റനൻസ് സംബന്ധമായി കാലതാമസം വരുന്ന സാഹചര്യങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ; | (സി) | മേജർ ആക്സിഡന്റ് പോലുള്ള വ്യാപ്തിയേറിയ അറ്റകുറ്റപ്പണികൾ ആവശ്യമായ സാഹചര്യമൊഴിച്ച് കാലതാമസം വരാറില്ല. |
| (ഡി) | ടി ബസ്സുകളുടെ സീറ്റുകളുടെ നിർമ്മാണത്തിലും വിന്യാസത്തിലും ഉള്ള അശാസ്ത്രീയത കാരണം യാത്രയ്ക്ക് അസൗകര്യമുള്ളതായി പരാതിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ? | (ഇ) | ജൻറം പദ്ധതി പ്രകാരം ലഭ്യമായിട്ടുള്ള ലോ ഫ്ളോർ എ.സി. വോൾവോ ബസുകളുടെ സീറ്റുകളുടെ നിർമ്മാണവും വിന്യാസവും കേന്ദ്ര ഗവൺമെന്റിന്റെ MoUD അംഗീകരിച്ച |

| | | | |
|---|---|---|---|
| | | | Urban Bus Specification പ്രകാരമാണ് നിർവഹിച്ചിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ ലഭ്യമായിട്ടുള്ള ബസുകൾക്ക് ഹെഡ് റെസ്റ്റുകൾ ഉണ്ടായിരുന്നില്ല. എന്നാൽ രണ്ടാം ഘട്ടത്തിൽ ലഭ്യമായ ബസുകൾക്ക് MoUD Bus Specification-ൽ മാറ്റം വരുത്തി ഹെഡ് റെസ്റ്റുകൾ ഉള്ള സീറ്റുകളാണ് ഘടിപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ